# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION.MARCH 2026.₹5.00

VOL. 10 - ISSUE NO. 09 - DATE OF PUBLICATION 25TH MARCH, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24




## വ്യവസായ ക്ലസ്റ്റർ വഴി കൂട്ടായി വളരാം

- 5 വർഷത്തെ പദ്ധതികളും പരിഷ്ക്കാരങ്ങളും
- വ്യവസായ സൗഹൃദാന്തരീക്ഷത്തെ ഒന്നാം സ്ഥാനത്തിൽ

**STAR BOTTLES**
PACKAGING SINCE 1967

**SABCO**
INSPIRED BY VALUES

## 50ൽ പരം വർഷത്തെ പാക്കേജിംഗ് സേവന രംഗത്തെ മികവോടെ സ്റ്റാർ ബോട്ടിൽസ് ഇനി

# കൊച്ചിയിൽ!



**നിങ്ങളുടെ ബ്രാൻഡിന് അനുയോജ്യമായ അതിനൂതനവും സാങ്കേതിക മികവാർന്നതുമായ പാക്കേജിംഗ് സൊല്യൂഷനുകൾ ഇനി കൊച്ചിയിൽ, ഒരു കുടക്കീഴിൽ."**

**STAR BOTTLES**
PACKAGING SINCE 1967

Amrita Nagar, Cheranalloor, Ernakulam
**+91 81369 35 777/+91 81369 35 999**
**+91 8086 85 0000**

www.starbottles.in

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar.K.V............ ✆ 93499 35511
Thomas Mathew.. ✆ 80756 59942
Eshaque K........... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

- **എഡിറ്റോറിയൽ:**
  വ്യവസായ സൗഹൃദത്തിൽ.............................03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
  സംസ്ഥാനത്തു വ്യവസായ മേഖലയിൽ ഉണ്ടായ പുരോഗതി അഭിമാനകരം.................05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
  വ്യവസായ ക്ലസ്റ്റർ വഴികൂട്ടായി വളരാം..........07
- സർക്കാർ നടപ്പാക്കിയ പദ്ധതികളും പരിഷ്ക്കാരങ്ങളും ..ഒരു അവലോകനം...............09
- കേരളത്തിൽ വ്യവസായ വിപ്ലവം സൃഷ്ടിക്കാനുള്ള സമയമാണിത്.......................12
- റാംപ് പദ്ധതിയുടെ ഭാഗമായി 2025-26 കാലയളവിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ..............14
- രാജ്യത്തെ ആദ്യ ഗ്രാഫീൻ നയം...................20

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - MARCH 2026 - ₹5.00

## എഡിറ്റോറിയൽ

# വ്യവസായ സൗഹൃദത്തിൽ



വ്യവസായ സൗഹൃദാന്തരീക്ഷത്തെ ഒന്നാം സ്ഥാനത്തിൽ എത്തിച്ച സർക്കാരിനെയും വ്യവസായികളെയും ആദ്യമായി അഭിനന്ദിക്കുന്നു. ഈ അന്തരീക്ഷം നിലനിർത്താനും വികസിപ്പിക്കാനുമുള്ള ബാധ്യതയും ഈ രണ്ടു കൂട്ടർക്കുമാണുള്ളത് എന്ന ബോധ്യം കൂടി നമ്മിൽ വന്നു ചേരുന്നു. അതിലേക്കുള്ള വഴി, ചിന്തകളിലെ ഒരു ലഘു വെളിച്ചമാണ് ഈ എഡിറ്റോറിയൽ കുറിപ്പ്. പല ഘടകങ്ങൾ കൂടിച്ചേർന്നതാണ് വ്യവസായ പുരോഗതി. അതിൽ ഏറ്റവും പ്രധാന ഘടകങ്ങളിൽ ഒന്ന് വൈദ്യുതിയാണ്. മുൻകാല വൈദ്യുതി കണക്ഷൻ, ലോഡെൻഷൻ പരിധി 150KVA ആയിരുന്നു. പിന്നീട് നൂറായി കുറച്ചു. പക്ഷേ സംഘടനയുടെ അഭ്യർത്ഥനപ്രകാരം അത് 150 KVA ആക്കിയെങ്കിലും അതിൻറെ പരിധി വ്യവസായ എസ്റ്റേറ്റുകൾക്ക് മാത്രമായി ചുരുങ്ങിപ്പോയി. ഈ സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ വ്യവസായികൾക്കും ലോഡെൻഷൻ 150 KVA ആക്കണമെന്ന നിവേദനം നമ്മുടെ സംഘടന, ഗവൺമെന്റിനും ഇലക്ട്രിസിറ്റി ബോർഡിനും റെഗുലേറ്ററി കമ്മീഷനും സമർപ്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡും അനുകൂല നിലപാട് പ്രഖ്യാപിച്ചിട്ടുണ്ട്. താമസിക്കാതെ റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഗവൺമെന്റിന്റേയും ബോർഡിന്റേയും അടിയന്തിര ശ്രദ്ധപതിക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. വ്യവസായത്തിന്റെ വിപുലീകരണത്തിനായി എൽ ടി കണക്ഷൻ എച്ച് ടി യിലേക്ക് മാറേണ്ടിവരും. അതിനു വേണ്ടുന്ന ട്രാൻസ്ഫോർമറിന്റെ വിലയും ബന്ധപ്പെട്ട ചെലവുകളും വ്യവസായികൾ തന്നെയാണ് വഹിക്കുന്നത്. ഇതിനായി നിലവിലുള്ള ട്രാൻസ്ഫോമറുകൾ ഇലക്ട്രിസിറ്റി ബോർഡ് തിരിച്ചെടുക്കുകയാണ് പതിവ്.

പുതിയ ട്രാൻസ്ഫോർമറിന് വില നൽകുമ്പോൾ, തിരിച്ചെടുക്കുന്ന ഈ പഴയതിന്റെ ഡിപ്രീസിയേഷൻ കഴിച്ചുള്ള തുക കുറച്ചു കൊടുക്കുന്നത് നീതിയും നിയമവും പ്രോത്സാഹനവുമാണല്ലോ.

സർക്കാരും, ബോർഡും ഇത് അടിയന്തരമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip
കേരള ബ്യൂറോ ഓഫ്
ഇൻഡസ്ട്രിയൽ പ്രൊമോഷൻ

ഭക്ഷ്യ സംസ്കരണ
മേഖലയിലെ
സൂക്ഷ്മ സംരംഭങ്ങൾക്ക്

# വലിയ ഉയരങ്ങൾ താണ്ടാം

## 10 ലക്ഷം രൂപ വരെ സബ്സിഡി

**എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതി



പി.എം.എഫ്.എം.ഇ. കേരള ഹെൽപ് ലൈൻ
**97470 22883**
www.pmfmekerala.org

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: +91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org വെബ്: www.kbip.org

പ്രസിഡൻഷ്യൽ റിപ്പോർട്ട്

# സംസ്ഥാനത്തു വ്യവസായ മേഖലയിൽ ഉണ്ടായ പുരോഗതി അഭിമാനകരം



എ. നിസാറുദ്ദീൻ
സംസ്ഥാന പ്രസിഡന്റ്

നമ്മുടെ സംസ്ഥാനം വ്യവസായ രംഗത്തു കൈവരിച്ച നേട്ടം അഭിമാനകരമാണ്. മുൻ സർക്കാരിന്റെതുടർച്ചയെന്നോണം കഴിഞ്ഞ അഞ്ചു വർഷം വ്യവസായ മേഖലയുടെ വികസനത്തിനു സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. കാലഹരണപ്പെട്ട നിയമങ്ങളും വ്യവസ്ഥകളും വ്യവസായ മേഖലയ്ക്ക് അനുകൂലമായി ഭേദഗതി ചെയ്തുകൊണ്ടുള്ള നടപടികൾ സുപ്രധാന മായ തീരുമാനങ്ങളിൽ ഒന്നാണ്. അപേക്ഷിച്ചാൽ നി ശ്ചിതസമയത്തിനുള്ളിൽ റെഡ് കാറ്റഗറി ഒഴിച്ചുള്ള 50 കോടി രൂപ വരെയുള്ള വ്യവസായങ്ങൾ ആരംഭിച്ചു മൂന്ന് വർഷത്തിനുശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങിച്ചാൽ മതി. വ്യവസായങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ജില്ലാതല പ്രശ്നപരിഹാര സമിതികൾ, വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് പിഴ ചുമത്താനുള്ള അധികാരം, ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നല്കാനുള്ള തദ്ദേശ സ്വയംഭരണ അധികാരികൾക്കുള്ള അധികാരം എടുത്തുകളയൽ, കയറ്റിയിറക്കു ജോലികൾ സ്ഥാപന ഉടമകൾ നിശ്ചയിക്കുന്ന തൊഴിലാളികളെക്കൊണ്ടു ചെയ്യാമെന്ന ഉത്തരവ്, നോക്കുകൂലി സമ്പ്രദായം നി രോധനം തുടങ്ങി ഒട്ടേറെ വ്യവസായ അനുകൂലമായ നടപടികൾ ഈ കാലയളവിൽ സ്വീകരിച്ച് നിലവിലുള്ള വ്യവസായങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതി നുള്ള നിരവധി പരിഷ്കാരങ്ങളും നടപ്പിൽ വന്നു. 60 വർഷത്തിലധികം പഴക്കമുള്ള വ്യവസായ എസ്റ്റേറ്റിലെ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ ശാശ്വത പരിഹാരം, KINFRA, KSIDC എന്നീ സ്ഥാപനങ്ങളിലെ പരിഷ്കരിച്ച ലാന്റ് അലോട്ട്മെന്റ് പോളിസി ഉത്തരവുകൾ ഈ എസ്റ്റേറ്റുകളിലെ വ്യവസായികൾക്ക് സഹായകരമായി. സംരംഭകർക്ക് പരിരക്ഷ നല്കുന്നതിനു ഇൻഷുറൻസ് പദ്ധതി നടപ്പാക്കി.പഞ്ചായത്ത്- മുനിസിപ്പാലിറ്റി ചട്ടങ്ങൾ ലളിതവൽക്കരിച്ചു ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവായി. 2002 ഒക്ടോബർ 30 നു ശേഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്ന മര അധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് അനുവദിക്കാ നുള്ള ഉത്തരവ് ഈ മേഖലയിലെ ആയിരക്കണക്കിനു സംരംഭകർക്കും അതിലെ പതിനായിരക്കണക്കിന് തൊഴിലാളികൾക്കും ആശ്വാസകരമാണ്. നിലവിലുള്ള സംരംഭങ്ങൾ ശരാശരി 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്താൻ മിഷൻ 1000 പദ്ധതിയും ഒരു ലക്ഷം നാനോ മൈക്രോ യൂണിറ്റുകളെ ഉയർത്താൻ MSME സ്കെയിലിംഗ് പദ്ധതിയും നടപ്പിലാക്കിയതു നിലവിലുള്ള സംരംഭങ്ങൾക്ക് വളരെ ഗുണകരമാണ്. സ്വകാര്യ പാർക്കുകൾക്കും ക്യാമ്പസ് പാർക്കു കൾക്കും അനുമതി നല്കിയതോടെ വ്യവസായ വികസനത്തിനു ആക്കം കൂടി. ഉദ്യോഗസ്ഥൻമാർ മുന്നറിയിപ്പില്ലാതെ ഫാക്ടറികൾ സന്ദർശിക്കുന്ന അവസ്ഥയ്ക്കു മാറ്റം വരികയും കേന്ദ്രീകൃത പരിശോധന സമ്പ്രദായം നടപ്പിലാക്കിയതോടെ വ്യവസായികൾക്കിടയിലുള്ള ഉദ്യോഗസ്ഥ ഭീതിയ്ക്കു അറുതിവന്നു. വ്യവസായങ്ങൾക്ക് പേടി സ്വപ്ന മായിരുന്ന ലോഡ് ഷെഡ്ഡിംങ്ങ്, പവ്വർകട്ട് ഇല്ലാത്ത കാലമാണിത്. എല്ലാ തലങ്ങളിലും അഴിമതി എന്ന വ്യവസായികളുടെ പരാതികൾക്ക് ഇടം നല്കാത്ത കാലം കൂടിയാണിത്. ഇ. എസ്. ജി നടപ്പാക്കിയ ഏക സംസ്ഥാനം കേരളമാണെന്നു നമുക്ക് അഭിമാനി ക്കാം. MSME കളുടെ വളർച്ചയോടൊപ്പം പൊ



തുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. 27 പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിയ്ക്കുന്നുവെന്നത് സ്വാഗതാർഹമാണ്. നല്ലൊരു ശതമാനം MSME കളും പൊതുമേഖലാ സ്ഥാപനങ്ങളെ ആശ്രയിച്ചു പ്രവർത്തിക്കുന്നവയാണ്. നിരവധി വൻകിട പദ്ധതികളും നമ്മുടെ സംസ്ഥാനത്തു പ്രവർത്തിയ്ക്കുന്നതിനു തുടക്കം കുറിച്ചു. വിഴിഞ്ഞം പദ്ധതിയും കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായ പാലക്കാട് സ്മാർട്ട് സിറ്റിയും പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടെ വ്യവസായ മേഖലയിൽ പ്രത്യേകിച്ചു MSME മേഖലയിൽ ഉണ്ടാകാൻ പോകുന്നത് വൻ കുതിച്ചുചാട്ടമായിരിക്കും. കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷവും മെച്ചപ്പെട്ട കാലാവസ്ഥയും ശാന്തമായ തൊഴിൽ സംസ്കാരവും നിലനില്ക്കുന്നതുകൊണ്ടാണ് അന്തർദേശീയ തലങ്ങളിൽ നിന്നുള്ള വൻ നിക്ഷേപത്തിനു കേരളം സാക്ഷ്യം വഹിക്കുന്നത്. വ്യവസായത്തിനു പറ്റിയ സംസ്ഥാനമല്ല കേരളം എന്ന മുൻവിധി മാറ്റിയെഴുതി വ്യവസായത്തിനു അനുയോജ്യമായ സംസ്ഥാനം കേരളമാണെന്നുള്ള പൊതുബോധം സൃഷ്ടിക്കാൻ സാധിച്ചു. കേരളം വ്യവസായ മേഖലയിൽ കൈവരിച്ച നേട്ടവും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ടോപ് അച്ചീവർ സ്ഥാനത്തേയ്ക്ക് രണ്ടാമതും ഒന്നാം സ്ഥാനം നേടിയതു നമ്മുടെ സംസ്ഥാനം ഇന്ത്യയ്ക്കു തന്നെ മാതൃകയാവുകയാണ്.

അഞ്ചു വർഷം കൊണ്ട് വ്യവസായ മേഖലയിൽ ഉണ്ടായ വൻ വികസന കുതിപ്പുമൂലം സംസ്ഥാനത്തെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്താനും സാമൂഹ്യ തൊഴിൽ മേഖലകളിൽ ഉണ്ടായ സൗഹൃദാന്തരീക്ഷം കൂടുതൽ ഊട്ടിഉറപ്പിക്കാനും സഹായകരമായി. ഈ വ്യവസായ അന്തരീക്ഷം തുടർന്നും നിലനിർത്താനുള്ള പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വ്യവസായ സമൂഹം ഒപ്പം ഉണ്ടാകുമെന്നു KSSIA യും ഉറപ്പു നല്കുന്നു. കേരളത്തിന്റെ വ്യവസായിക ഭൂപടം വിപ്ലവകരമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമാണിത്. പരമ്പരാഗതമായ രീതികളിൽ നിന്നും മാറി ആധുനിക സാങ്കേതിക വിദ്യയ്ക്കും നവീന സംരംഭങ്ങൾക്കും മുൻഗണന നൽകുന്ന ഒരു വികസന മാതൃക സംസ്ഥാനത്ത് രൂപപ്പെട്ടിരിക്കുന്നു. സർക്കാർ നടപ്പിലാക്കിയ വ്യവസ്ഥാപിതമായ ഇടപെടലുകളിലൂടെയും കാലനുസൃതമായ പരിഷ്കാരങ്ങളിലൂടെയും നിക്ഷേപകർക്കും സംരംഭകർക്കും ഏറ്റവും സുരക്ഷിതമായ ഇടമായി കേരളം മാറി.

ദീർഘ വീക്ഷണത്തോടെയുള്ള നയരൂപീകരണങ്ങളും കാര്യക്ഷമമായ ഏകോപനവും ലളിതമായ ഡിജിറ്റൽ രീതികളും ഫലപ്രദമായ ഭൂവിനിയോഗവുമെല്ലാം നടപ്പിലാക്കിയതിലൂടെ സുസ്ഥിരവും സമഗ്രവുമായ വ്യവസായ വൽക്കരണം സാധ്യമായിരിക്കുകയാണ്. ദിനം പ്രതി വളരുന്ന പുത്തൻ വ്യവസായ സംരംഭക സംസ്ക്കാരമാണ് കേരളം ഉയർത്തികാട്ടുന്നത്. കേരളത്തിന്റെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട് സർക്കാർ നടപ്പിലാക്കുന്നതുപോലെ കേരളത്തിലും വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം എന്നി മേഖലകളിൽ മാറ്റമില്ലാത്ത പോളിസികളാണ് നടപ്പിലാക്കേണ്ടത്. ഏത് ഗവൺമെന്റ് വന്നാലും ഈ മൂന്ന് കാര്യങ്ങളിലും മാറ്റം വരുത്തുവാൻ പാടില്ല. ഇതുമൂലം കേരളത്തിന്റെ വ്യവസായ വികസനത്തിനും വരുമാന വർദ്ധനവിനും വളർച്ച ഉണ്ടാവുകയേയുള്ളൂ.

**പ്രധാന നേട്ടങ്ങൾ**

- രാജ്യത്ത് ആദ്യമായി ESG വ്യവസായ നയം.
- നീതി ആയോഗ് SDG ഇൻഡക്സിൽ ഒന്നാമത്.

Year of Enterprises പദ്ധതിക്ക് American Society for Public Administration ( ASPA) അംഗീകാരം.

- രാജ്യത്തെ ആദ്യ പ്ലാന്റേഷൻ ഡയറക്ടറേറ്റ്.
- കേരള ബ്രാൻഡ് : 11 ഉൽപ്പന്നങ്ങൾ.
- ലോജിസ്റ്റിക്സ്/കയറ്റുമതി/ഗ്രാഫീൻ നയങ്ങൾ.
- ആഗോള ഇൻവെസ്റ്റേഴ്സ് സമ്മിറ്റിൽ 54.908 കോടിയുടെ നിക്ഷേപ പദ്ധതികൾ യാഥാർത്ഥ്യമാക്കി.
- ലോക സാമ്പത്തിക ഫോറം 1.18 ലക്ഷം കോടിയുടെ നിക്ഷേപ വാഗ്ദാനങ്ങൾ.
- രാജ്യത്ത് ആദ്യമായി ഉദ്യോഗസ്ഥരുടെ വീഴ്ച്ചയ്ക്ക് പിഴ ഏർപ്പെടുത്തി പരാതി പരിഹാര സംവിധാനം.
- സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ സുസ്ഥിര വളർച്ചയ്ക്ക് മിഷൻ1000, മിഷൻ100000 പദ്ധതികൾ.
- ഇടത്തരം ചെറുകിട വ്യവസായങ്ങൾക്ക് KSIDC വഴി 1200 കോടി രൂപ വായ്പ. MSME ഇൻഷുറൻസ് പദ്ധതി.
- 51 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ 558 ഏക്കറിൽ.
- 11 കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് അനുമതി.
- കേരള പേപ്പർപ്രോക്റ്റ്സ്/കെൽ.ഇ.എം.എൽ/കേരള റബ്ബർ ലിമിറ്റഡ് എന്നിവ പുതുതായി പൊതുമേഖലയിൽ.
- K-SWIFT ഏക ജാലക ക്ലിയറൻസ് സംവിധാനം വിപുലികരിച്ചു.
- Tradex കേരള 2026 ലൂടെ അന്താരാഷ്ട്ര ബയറന്മാരും 500 ലധികം എം.എസ്.എം.ഇകളും പങ്കെടുത്ത് 81 കോടി രൂപയുടെ MoU കൈവരിച്ചു.

വോയിസ് ഓഫ് ജനറൽ സെക്രട്ടറി

# വ്യവസായ ക്ലസ്റ്റർ വഴി കൂട്ടായി വളരാം



ജോസഫ് പൈകട
ജനറൽ സെക്രട്ടറി

MSME കളുടെ വലിയ വിജയ സാധ്യതകൾക്ക് രൂപം നല്കിയിട്ടുള്ള ഒരു പദ്ധതിയാണ് വ്യവസായ ക്ലസ്റ്ററുകൾ (MSE - CDP). കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ വ്യവസായ വളർച്ചയ്ക്കു സഹായകരമായ ഈ ക്ലസ്റ്റർ പദ്ധതിയ്ക്ക് ആവേശകരമായ സ്വീകാര്യത വന്നിരിക്കുകയാണ്. ഒറ്റയ്ക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ കൂട്ടായി ചെയ്യുക എന്ന ലക്ഷ്യമാണ് ഈ ക്ലസ്റ്റർ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മതിയായ മൂലധനത്തിന്റെ അഭാവം, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, മാർക്കറ്റിംഗ് രംഗത്തെ ഒറ്റപ്പെടൽ, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവില്ലായ്മ, തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് കൂട്ടായ സംരംഭ ക്ലസ്റ്റർ (കൺസോർഷിയം) മുഖാന്തിരം പരിഹരിക്കാൻ സാധിക്കും. ഒരേ സ്വഭാവമുള്ള ഒരേ ഉത്പ്പന്ന നിർമ്മാതാക്കളുടെ വിവിധ സംരംഭങ്ങൾ ചേർന്നാണ് ഈ ക്ലസ്റ്റർ പദ്ധതിയ്ക്ക് രൂപം നല്കുന്നത്. ഭിന്നിച്ചു വളരുക എന്നതിൽ നിന്നും ഒരുമിച്ചു വളരുക എന്ന പ്രായോഗിക ലക്ഷ്യത്തിൽ നിന്നാണ് ഇത്തരം കൂട്ടായ്മകൾക്ക് തുടക്കം കുറിച്ചത്. ചെലവുകുറയ്ക്കാനുള്ള വഴികൾ, നൂതനങ്ങളായ മികച്ച സാങ്കേതിക വിദ്യകൾ, തൊഴിലാളികളുടെ ക്ഷാമം, അസംസ്കൃത സാധനങ്ങളുടെ സംഭരണം, മൊത്തമായും കൂട്ടായും പർച്ചേയ്സ് ചെയ്യൽ, ഒന്നിച്ചുള്ള മാർക്കറ്റിംഗ് തുടങ്ങിയ വ്യവസായ മേഖലയിൽ ഒറ്റയ്ക്ക് ചെയ്യാൻ സാധിക്കാത്ത നിരവധികാര്യങ്ങൾ ഈ കൂട്ടായ്മയിലൂടെ സാധിച്ചെടുക്കാം. പ്ലാസ്റ്റിക്, വുഡ്, എഞ്ചിനിയറിംഗ്, റബ്ബർ, റൈസ് മിൽ, പ്ലൈവുഡ്, ഫർണീച്ചർ, ടെറാടൈൽ തുടങ്ങിയ വിഭാഗത്തിലുള്ള ക്ലസ്റ്ററുകൾ നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഒറ്റയ്ക്ക് നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവായ ഉത്പ്പാദന സെന്റർ, പ്രൊസ്സസ്സിംഗ് സെന്റർ, ഡിസൈനിംഗ് സെന്റർ, ടെസ്റ്റിംഗ് സെന്റർ എന്നിങ്ങനെയുള്ള പൊതുവായ സൗകര്യത്തോടു കൂടിയ ഈ ക്ലസ്റ്റർ പദ്ധതിയുടെ നിർമ്മാണത്തിനായി 30 കോടി രൂപ വരെയുള്ള പ്രൊജക്ടുകൾക്ക് 60 മുതൽ 80 ശതമാനം വരെ കേന്ദ്ര MSME മന്ത്രാലയത്തിൽ നിന്നും ഗ്രാന്റായി ലഭിക്കും. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഒരേ സ്വഭാവമുള്ള സംരംഭങ്ങൾ ഒറ്റയ്ക്ക് മാറി നിൽക്കാതെ കൂട്ടായി പ്രവർത്തിക്കാൻ മുന്നോട്ടു വരികയും കേന്ദ്ര വ്യവസായ വകുപ്പിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ഇതിനകം രൂപം കൊണ്ട ക്ലസ്റ്ററുകൾക്ക് മാതൃകയാകണമെന്നും വ്യവസായ സംരംഭകരോട് അഭ്യർത്ഥിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് MSME, DFO തൃശ്ശൂരുമായി ബന്ധപ്പെടുക. ഇത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി വ്യവസായ സുഹൃത്തുക്കൾ മുന്നോട്ട് വരണമെന്നും അഭ്യർത്ഥിക്കുന്നു.






High Impact Strength | Excellent Natural Light | Lightweight | Weather Resistant
Energy Efficient | Flexibile in Design | Low Maintenance | Fire Resistant

Nature Lite
SOLID POLYCARBONATE SHEET
Polycarbonate Sheets available in various colour shades and textures

**Nature Lite**
Ernakulam, Kerala, India.
+91- 98470 33123, +91-97470 33111
roofsilver@yahoo.in
www.silverroof.org

Clear | Bronze | Greenish Blue | Grey | Orange | Red | Yellow | Dark Blue | Dark Green | Milky White

## കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി പരിഗണിച്ചുകൊണ്ട് വ്യവസായ മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷം സർക്കാർ നടപ്പാക്കിയ പദ്ധതികളും പരിഷ്ക്കാരങ്ങളും ........ ഒരു അവലോകനം



വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ ശാശ്വത പരിഹാരം. ഭൂമിയുടെ കൈമാറ്റം, ഘടനാമാറ്റം, പുതിയ പാർട്ണറെ ചേർക്കൽ തുടങ്ങി 60 വർഷത്തിലധികം ഈ വിഷയത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്ന വ്യവസായികൾക്ക് ആശ്വാസം നല്കികൊണ്ടു റവന്യു വകുപ്പിന്റെ അംഗീകാരത്തോടെയുള്ളതാണ് 2023 ലെ ഇതിനെ സംബന്ധിച്ചുള്ള ഉത്തരവ്.

ഭൂമി ലഭ്യത ഉറപ്പാക്കി വ്യവസായ വളർച്ചയും തൊഴിലവസരങ്ങളും നിക്ഷേപ സാധ്യതകളും വർദ്ധിപ്പിക്കാൻ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആവിഷ്കരിച്ചു. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയിലൂടെ നിലവിൽ 51 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം ആകെ 557.63 ഏക്കർ ഭൂമി വ്യവസായത്തിനായി അധികമായി ലഭ്യമായി.

10 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനമാരംഭിച്ചു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒഴിവുള്ള ഭൂമി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ സംരംഭകത്വം അളക്കാനും വ്യവസായ - വിദ്യാഭ്യാസ മേഖലകളെ ബന്ധിപ്പിക്കാനും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആവിഷ്കരിച്ചു.

കിൻഫ്ര മിനി ഇൻഡസ്ട്രിയൽ പാർക്ക്, മുണ്ടയ്ക്കൽ 6.09 ഏക്കറിൽ 28 യൂണിറ്റുകൾ, 41 കോടി രൂപയുടെ നിക്ഷേപവും 542 തൊഴിലവസരങ്ങളും ഉണ്ടായി.

11 ക്യാമ്പസുകൾക്ക് ക്യാമ്പസ് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി.

തൃശ്ശൂരിൽ രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങളും ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയവും സംരംഭകർക്കായി അനുവദിച്ചു.

ഷൊർണ്ണൂരിൽ പുതിയ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറയിൽ പുതിയ വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

കാസർകോട് ജില്ലയിലെ മടിക്കൈയിൽ പുതിയ വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

തൃശ്ശൂർ വരവൂരിലെ വ്യവസായ എസ്റ്റേറ്റിൽ സംരംഭകർക്ക് സ്ഥലം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

വിവിധ കോടതി കേസുകളിൽ കുടുങ്ങിക്കിടന്ന 88.6 ഏക്കർ വ്യവസായ ഭൂമിയിൽ 50.96 ഏക്കറിലെ തർക്കങ്ങൾ അദാലത്തിലൂടെ പരിഹരിച്ചു.

KSIDC വ്യവസായിക മേഖലയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച ഭൂമി, ഡിസൈൻ സ്റ്റാൻഡേർഡ് ഫാക്ടറികൾ, ഇൻക്യുബേഷൻ സെന്റർ,

ആർ & ഡി സൗകര്യങ്ങൾ മുതലായവ നൽകുന്നു.

KSIDC പള്ളിപ്പുറം (ആലപ്പുഴ), കണ്ണൂർ, കിനാലൂർ (കോഴിക്കോട്) എന്നിവിടങ്ങളിൽ വൻതോതിൽ ഭൂമി വികസിപ്പിച്ച ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളും മെഗാ ഫുഡ് പാർക്കും സ്ഥാപിച്ചു.

പാലക്കാട് ലൈറ്റ് എഞ്ചിനീയറിങ് പാർക്കും, തിരുവനന്തപുരത്ത് മെഡിക്കൽ എക്യുമെൻറ് പാർക്കും, കാസർഗോഡ് പുതിയ വ്യവസായ സമുച്ചയവും KSIDC പാർക്കും (MedSpark) വികസിപ്പിക്കുന്നു.

2023 ലെ പുതിയ വ്യവസായ നയം നടപ്പിലാക്കി ഐടി, മെഡിക്കൽ ഉപകരണങ്ങൾ, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക്സ്, ടൂറിസം ഉൾപ്പെടെ 22 മേഖലകളെ മുൻഗണന മേഖലകളായി ഉൾപ്പെടുത്തി.

ഏകജാലക ക്ലിയറൻസ് സംവിധാനം (K- SWIFT) വിപുലീകരിച്ചു: വ്യവസായ അനുമതികൾ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കി.

എം. എസ്. എം. ഇ ഫെസിലിറ്റേഷൻ നിയമം : ചുവപ്പ് വിഭാഗത്തിൽ പെടാത്ത എം. എസ്. എം. ഇ -കൾക്ക് ആദ്യ മൂന്നുവർഷം ആറുമാസം ഗ്രേസ് പിരീഡ് അനുവദിക്കുന്ന നിയമം നടപ്പിലാക്കി.

ഇന്ത്യയിൽ ആദ്യമായി ഇ. എസ്. ജി. (എൻവിയോൺമെന്റൽ സോഷ്യൽ, ഗവർണൻസ്) വ്യവസായ നയം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം.

ജില്ല -സംസ്ഥാന തലങ്ങളിൽ നിക്ഷേപക പരാതി പരിഹാരസമിതികൾ (ഗ്രീവൻസ് റീഡ്രെസ്സൽ കമ്മിറ്റീസ്) നിയമാനുസൃതമായ അധികാരത്തോടെ രൂപീകരിച്ചു.

K- SWIFT, KCIS തുടങ്ങിയ സംവിധാനങ്ങളിലൂടെ ബിസിനസ് നടപടികൾ ലഘുകരിച്ച് കേരളത്തെ ആഗോളതലത്തിൽ മികച്ച നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി.

കേരളത്തെ ഹൈടെക് വ്യവസായ കേന്ദ്രമാക്കാൻ ലോജിസ്റ്റിക്സ്, ഇ. എസ്. ജി. കയറ്റുമതി, ഗ്രാഫീൻ നയങ്ങളും ഹൈടെക് മാനുഫാക്ചറിങ് ഫ്രെയിം വർക്കും കെ. എസ്. ഐ. ഡി. സി. മുഖേന നടപ്പിലാക്കി.

കശുവണ്ടി വ്യവസായ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ ക്രമവൽക്കരിക്കാൻ ഒറ്റ തവണതീർപ്പാക്കൽ പദ്ധതി നടപ്പാക്കി.

2023 ൽ വ്യവസായ എസ്റ്റേറ്റ് ഭൂമി കൈമാറ്റ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന നിയമം റവന്യൂ വകുപ്പിന്റെ അനുമതിയോടെ നടപ്പിലാക്കി.

ബഹുനില വ്യവസായ സമുച്ചയങ്ങളിൽ (GALA) സ്ഥലം അനുവദിക്കുന്നതിനായി പ്രത്യേക നിയമം ആവിഷ്കരിച്ചു.

കിൻഫ്ര-കെ. എസ്. ഐ. ഡി. സി യ്ക്കായി അൺഫൈഡ് ഇൻഡസ്ട്രിയൽ ലാൻഡ്/ ബിൽഡിംഗ് (അലോട്ട്മെന്റ് ആൻഡ് ഡിസ്പോസൽ) റെഗുലേഷൻസ് 2024 ൽ നടപ്പിലാക്കി; ഭൂമി അനുവദിക്കൽ പാട്ടം നിർണ്ണയം എന്നിവ സ്വാതന്ത്ര്യവും സുതാര്യവുമാക്കി.

പി. എം. എഫ്. എം. ഇ പദ്ധതിയുടെ കീഴിൽ 2023 24 ൽ 7168 അംഗങ്ങൾക്ക് 22.85 കോടി സ്പീഡ് ക്യാപിറ്റൽ ആയി K-Bip മുഖേന ലഭ്യമാക്കി.

റേയ്സിംഗ് ആൻഡ് പെർഫോമൻസ് പദ്ധതിയിലൂടെ എം. എസ്. എസ്. എം. ഇ. പെർഫോർമൻസ് (റാംപ്) പദ്ധതിയിലൂടെ എം. എസ്. എം. ഇ-കൾക്ക് ടെക്നോളജി, മാർക്കറ്റ്, ഇൻഫ്രാസ്ട്രക്ചർ, ഫൈനാൻഷ്യൽലിങ്കേജ് പ്രോഗ്രാമുകൾ. 300 എം. എസ്. എം. ഇ കളിൽ ഊർജ്ജ ഓഡിറ്റ്.

മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് : 1824 നാനോ സംരംഭങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കി.

ഒരു കുടുംബം ഒരു സംരംഭം : 2021 26 കാലയളവിൽ 3,281 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കി.

എം. എസ്. എം. ഇ – ഇൻഷുറൻസ് പദ്ധതി സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭകർക്ക് വേണ്ടി എം. എസ്. എം. ഇ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു. പ്രീമിയം തുകയുടെ 50% (പരമാവധി 5000/ രൂപ വരെ) സബ്സിഡിയായി നൽകുന്നു.

മൈക്രോ സ്മോൾ എന്റർപ്രൈസസ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി പ്രകാരം കണ്ണൂർ ജനറൽ എൻജിനീയറിങ് ക്ലസ്റ്റർ, തിരുവനന്തപുരം പപ്പടം ക്ലസ്റ്റർ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ആധുനികവത്ക്കരണം, വൈവിധ്യവത്ക്കരണം, വിപുലീകരണം എന്നിവ നടപ്പിലാക്കി.

കേരളത്തിലെ ചെറുകിട, ഇടത്തരം ക്യാഷ്യൂ ഫാക്ടറിയുടെ നവീനവത്ക്കരണത്തിന്, മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി.

സ്വകാര്യ കശുവണ്ടി വ്യവസായത്തിന് പുത്തൻ ഉണർവ് നൽകുന്നതിന് 30 കോടി രൂപയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയിർത്തെഴുന്നേൽപ്പ് പദ്ധതി നടപ്പിലാക്കി.

റബ്ബർ ഹബ്ബ് : വെള്ളൂരിൽ 1050 കോടി രൂപയുടെ പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത ഇൻഡസ്ട്രിയൽ ഹബ്ബ് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

എക്സ്പോർട്ട് പ്രമോഷൻ പോളിസി 2025 : ആഗോള ബിസിനസ് ഹബ്ബ് ആക്കി കേരളത്തെ മാറ്റുന്ന ദേശീയ കയറ്റുമതി നയം.

ആരോഗ്യം, ഭക്ഷ്യസംസ്കരണം, ഇലക്ട്രോണിക്സ്, ടൂറിസം മേഖലകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു.

ഫുഡ് പ്രോസ്സസ്സിംഗ് ഹബ്ബ്: പി.എം.എഫ്. എം. ഇ. അഗ്രോഫുഡ് കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, സ്പൈസസ് പാർക്ക് എന്നിവ വഴി ഭക്ഷ്യസംസ്കരണ മേഖലയുടെ വികസനം.

മിഷൻ 100000 : ഒരു ലക്ഷം നാനോ മൈക്രോ എം. എസ്. എം. ഇ കൾക്ക് ഒരുകോടി രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവ് ലക്ഷ്യമിട്ടുള്ള പദ്ധതി.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 1153 ഇന്റേൺസ്-നെ നിയമിച്ചു.

സംസ്ഥാനത്തിലെ എല്ലാ താലൂക്കുകളിലും താലൂക്ക് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു.

സംരംഭകരുടെ വിവിധങ്ങളായ പ്രശ്ന/ സംശയ ദൂരീകരണത്തിനായി മേഖല വിദഗ്ദരെ ഉൾപ്പെടുത്തി എം. എസ്. എം. ഇ ക്ലിനിക്കുകൾ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സംരംഭക മാർഗ്ഗനിർദ്ദേശത്തിനായി ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു.
ഇന്ത്യയിൽ ആദ്യമായി സംരംഭകരുടെ പരാതി പരിഹരിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുന്ന തരത്തിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഗ്രീവൻസ് റിഡ്രെസ്സൽ സിസ്റ്റം ആരംഭിച്ചു.
ചാറ്റ് വിത്ത് മിനിസ്റ്റർ എന്ന വാട്സ് ആപ്പ് ചാറ്റിലൂടെ ഏഴ് ദിവസംകൊണ്ട് സംരംഭകരുടെ പരാതിയ്ക്ക് പരിഹാരം കാണുന്ന സംവിധാനം ആരംഭിച്ചു.
സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും, ജനപ്രതിനിധികളെയും, സംരംഭകരെയും ഉൾപ്പെടുത്തി സംരംഭക സഭ സംഘടിപ്പിച്ചു.
സംസ്ഥാനത്തിലെ എം. എസ്. എം. ഇ സംരംഭകരിൽ നിന്നും തെരഞ്ഞെടുത്ത 1000 എം. എസ്. എം. ഇ കളെ 4 വർഷം കൊണ്ട് ശരാശരി 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ മിഷൻ 1000 പദ്ധതി നടപ്പിലാക്കി. നിലവിൽ 534 എം. എസ്. എം. ഇ കളെ തെരഞ്ഞെടുത്തു.
വിഷൻ 2031 (പി. എസ്. യു.) 2031 -ഓടെ എല്ലാ പൊതുമേഖല സ്ഥാപനങ്ങളെയും

(പി. എസ്. യു.) ലാഭകരവും സ്വയം പര്യാപ്തവുമാക്കുക എന്ന ലക്ഷ്യത്തോടെ വൈവിധ്യവത്ക്കരണം, സാങ്കേതിക നവീകരണം, കയറ്റുമതി പ്രോത്സാഹനം എന്നിവയിൽ ഊന്നൽ നല്കുന്നു.
കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് ലാൻഡ് മാനേജ്മെന്റ് സോഫ്റ്റ് വെയർ : ഇൻഡസ്ട്രിയൽ പാർക്കുകളിലെ ഭൂമി ഇടപാടുകൾ സുതാര്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസന ഘട്ടത്തിൽ

വ്യവസായ ജാലകം 2.0 എം. എസ്. എം. ഇ. സർവ്വേ: സംസ്ഥാനത്തെ എം. എസ്. എം. ഇ യൂണിറ്റുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ഡാറ്റാബേസ് ഇത് സിംഗിൾ പോയിന്റ് ഓൺലൈൻ പോർട്ടലുമായി സംയോജിപ്പിച്ചു. ഇയർ ഓഫ് എന്റർപ്രൈസസ് പോർട്ടൽ വികസിപ്പിച്ചു.

500 ബി.ഡി.എസ്.പി. എസ്. പ്രദേശിക തലത്തിൽ എം. എസ്. എം. ഇ യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിനായി ബിസിനസ് ഡെവലപ്മെന്റ് സർവ്വീസ് പ്രൊവൈഡർമാരെ നിയമിച്ചു.
എം. എസ്. എം. ഇ. ക്ലിനിക്കുകൾ : ഫിനാൻസ്, ജി. എസ്. ടി, കയറ്റുമതി, ലൈസൻസിംഗ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ മാർഗ്ഗനിർദ്ദേശം ഉറപ്പാക്കുന്നു.

കേരള മുനിസിപ്പൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യപാരങ്ങൾക്ക് സംരംഭക പ്രവർത്തനങ്ങൾക്കും ലളിതവത്ക്കരിച്ചു ലൈസൻസ് നല്കുന്ന ചട്ടങ്ങൾ ഉത്തരവായി ഇറങ്ങി (ഉത്തരവ് നമ്പർ : സ.ഉ. (അച്ചടി) നമ്പർ 23/2026/തസ്വഭവ. തീയതി: 11/03/2026)

തദ്ദേശ സ്വയം ഭരണ വകുപ്പ് – 2019 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ പ്രകാരമുള്ള ലൈസൻസ് വ്യവസ്ഥകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവായി ഇറങ്ങി.

(ഉത്തരവ് നമ്പർ : സ.ഉ.(കൈ)നം. 82/2026/ LSGD തീയതി: 11/03/2026)

# കേരളത്തിൽ വ്യവസായ വിപ്ലവം സൃഷ്ടിക്കാനുള്ള സമയമാണിത്

കേരളം ഇന്ന് വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ നയങ്ങളും പദ്ധതികളും വ്യവസായങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്ന രീതിയിൽ രൂപീകരിക്കപ്പെടുന്നു. ഒരാൾക്ക് വ്യവസായം തുടങ്ങാനുള്ള താൽപര്യം ഉണ്ടെന്ന് അറിയുമ്പോൾ തന്നെ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് വീട്ടിൽ വന്നു സഹായിക്കുന്നത് വരെ എത്തി കാര്യങ്ങൾ!. ഇതൊക്കെ വലിയ മാറ്റത്തിന്റെ സൂചനയാണ്. ഈ സമീപനം ശരിയായ ദിശയിലാണ്. കാരണം, കേരളത്തിന്റെ സാമ്പത്തിക ഭാവി ഉറപ്പാക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ മേഖല വ്യവസായ മേഖലയാണ്. കൃഷിമേഖലയെ അപേക്ഷിച്ച് വ്യവസായം വളരെ വേഗത്തിൽ വളരാനും, തൊഴിൽ സൃഷ്ടിക്കാനും, സംസ്ഥാനത്തിന്റെ സാമ്പത്തിക നട്ടെല്ലായി മാറാനും കഴിയും.

## കൃഷിയും ഭൂസമരവും ഒരു വിലയിരുത്തൽ

Kerala Land Reforms Act നടപ്പാക്കിയതിലെ ചില അപാകതകൾ കാരണം വലിയ തോതിലുള്ള കൃഷിയിടങ്ങൾ കേരളത്തിൽ നിന്ന് അപ്രത്യക്ഷമായി. വൻകിട കൃഷികൾ കുറഞ്ഞു, കേരം തിങ്ങുന്ന കേരളത്തിൽ പോലും ലക്ഷണമൊത്ത നല്ല തെങ്ങിൻ തോപ്പുകൾ കാണാൻ പ്രയാസമായ അവസ്ഥയിലേക്കാണ് കാര്യങ്ങൾ മാറിയത്. നല്ല ഒരു തെങ്ങിൻതോപ്പ് കാണണമെങ്കിൽ തൊട്ടടുത്തുള്ള പൊള്ളാച്ചി വരെ പോകേണ്ടി വരുന്ന സാഹചര്യം രൂപപ്പെട്ടു. അതേസമയം കാർഷിക മേഖലയ്ക്കായി ചിലവഴിക്കുന്ന തുക കേട്ടാൽ ഞെട്ടിപ്പോകും. എന്നാൽ കൃഷി രക്ഷപെടുന്നില്ല. ഇതിൽ നിന്നും വ്യത്യസ്തമായി വ്യവസായം അതിവേഗം പച്ചപിടിക്കാനും നാടിന്റെ സമ്പദ്‌വ്യസ്ഥയെ ശക്തിപ്പെടുത്താനും കഴിയും എന്ന തിരിച്ചറിവാണ് സർക്കാരിന്റെ വ്യവസായ സൗഹൃദ നയങ്ങൾക്ക് പിന്നിലെ പ്രധാന കാരണമെന്നാണ് നാം വിലയിരുത്തുന്നത്. മാറിമാറി വരുന്ന സർക്കാരുകൾ ഈ നയപാത പിന്തുടർന്നാൽ കേരളത്തിൽ ഒരു വ്യവസായ വിപ്ലവം തന്നെ സൃഷ്ടിക്കപ്പെടും. താഴെത്തട്ടിലെ പ്രശ്നങ്ങൾ വലിയ തിരിച്ചടികൾ എന്നാൽ നയതലത്തിലുള്ള പിന്തുണയും, യാഥാർത്ഥ്യവും തമ്മിൽ ചിലപ്പോഴെങ്കിലും വലിയ അന്തരം കാണുന്നു. പ്രത്യേകിച്ച് പഞ്ചായത്തുകളും വില്ലേജ് ഓഫീസുകളും ഉൾപ്പെടെയുള്ള ചില താഴെത്തട്ടിലെ ഉദ്യോഗസ്ഥരുടെ നിരുത്സാഹപ്പെടുത്തുന്ന സമീപനം പല പുതുമുഖ വ്യവസായികളെയും പിന്തിരിപ്പിക്കുന്നു. ഒരു അനുമതിക്കായി ഒരാൾ ഓഫീസിൽ കയറിയാൽ, പിന്നീട് ഒരിക്കലും കേരളത്തിൽ വ്യവസായം തുടങ്ങില്ലെന്ന് തീരുമാനിച്ച്, കിട്ടിയ വിസയുമായി മറ്റേതെങ്കിലും



രാജ്യത്തേക്ക് ജോലി തേടി പോകേണ്ടിവരുന്ന അവസ്ഥ ഉണ്ടാകരുത്. ആർക്കും സ്വന്തം നാട് വിട്ടുപോകാൻ താൽപര്യമില്ല. എന്നാൽ ഒരിക്കലും നന്നാവാത്ത റോഡുകളും, അനാവശ്യമായ തടസങ്ങളും, അനുകൂലമല്ലാത്ത സമീപനവുമാണ് പലർക്കും കേരളം വിട്ടുപോകാൻ പ്രേരകമാകുന്നത്. വ്യവസായങ്ങൾക്ക് നേരെയുള്ള അനാവശ്യ തടസങ്ങൾ

പരിസ്ഥിതി എന്ന പേരിൽ ഉന്നയിക്കുന്ന ചില പരാതികളും, വ്യവസായ സ്ഥാപനങ്ങൾക്ക് തുരങ്കം വെക്കാൻ മാത്രം പ്രവർത്തിക്കുന്ന ചില ഉദ്യോഗസ്ഥരും ഈ മേഖലയെ ബാധിക്കുന്നു. പരിസ്ഥിതി സംരക്ഷണം അത്യാവശ്യമാണ്; എന്നാൽ അതിന്റെ പേരിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പീഡിപ്പിക്കുന്നത് നീതിയല്ല. സമതുലിതമായ സമീപനം വേണം പരിസ്ഥിതിയും സംരക്ഷിക്കണം, വ്യവസായവും സംരക്ഷിക്കണം. പ്രദേശവാസികളുടെ അനാവശ്യ പരാതികളും അതിനെ ചുറ്റി വ്യവസായി തന്റെ വിലപ്പെട്ട സമയവും നഷ്ടപ്പെടുത്താൻ ഇടയാവുന്നു.

ഇതുവരെ കേരളത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി? ഇനി എത്ര എണ്ണം അടച്ചുപൂട്ടലിന്റെ വക്കിലാണ്? ഈ ചോദ്യങ്ങൾക്ക് കൃത്യമായ പഠനവും, കാരണങ്ങൾ കണ്ടെത്തിയുള്ള ഇടപെടലും ആവശ്യമാണ്. വൈദ്യുതി നിരക്ക്, അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്, ബാങ്ക് ബാധ്യതകൾ, അനുമതികളിലെ വൈകിപ്പ്, തൊഴിലാളി പ്രശ്നങ്ങൾ ഇതെല്ലാം വിശദമായി വിലയിരുത്തി പരിഹാര മാർഗങ്ങൾ രൂപപ്പെടുത്തണം.

### ഏകോപിത പ്രവർത്തനത്തിന്റെ ആവശ്യകത

ഇവിടെ Kerala State Small Scale Industries Association (KSSIA) പോലുള്ള സംഘടനകളുടെ പങ്ക് അത്യന്താപേക്ഷിതമാണ്. ഓരോ KSSIA അംഗവും തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അതത് ജില്ലാ പ്രസിഡന്റുമാരെ അറിയിക്കണം. ജില്ലാ തലത്തിൽ പരിഹരിക്കാനാകാത്ത വിഷയങ്ങൾ സംസ്ഥാന തലത്തിലേക്ക് ഉയർത്തി സമഗ്രമായ പ്രതിവിധി കണ്ടെത്തണം. സംഘടിതമായ ശബ്ദം സർക്കാരിന് മുന്നിൽ ശക്തമായ സ്വാധീനം ചെലുത്തും. ഓരോ പ്രശ്നവും പരിഹരിക്കുമ്പോൾ പിന്നീട് സംസ്ഥാനത്തു തന്നെ അത്തരം പ്രശ്നങ്ങൾ ആവർത്തിക്കുന്നത് സംഘടന തലത്തിൽ ഇടപെട്ട് തടയണം പുതിയ നിയമ ഭേദഗതികൾക്കു വേണ്ട സംവിധാനം ഒരുക്കണം ഒരു വ്യവസായിക കേരളം നമ്മുടെ സ്വപ്നം വ്യവസായം വളർന്നാൽ തൊഴിൽ വളരും. തൊഴിൽ വളർന്നാൽ വരുമാനം വർദ്ധിക്കും. വരുമാനം വർദ്ധിച്ചാൽ നാട് ശക്തമാകും. കേരളത്തെ ഒരു യഥാർത്ഥ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ നയതലത്തിലെ നല്ല തീരുമാനങ്ങൾ മാത്രം മതി എന്നില്ല; നടപ്പിലാക്കൽ തലത്തിലും സമാനമായ പ്രതിബദ്ധത വേണം.

അനാവശ്യ തടസങ്ങൾ നീക്കി, സത്യസന്ധമായ സംരംഭകരെ പ്രോത്സാഹിപ്പിച്ച്, അടച്ചുപൂട്ടലിന്റെ വക്കിലുള്ള സ്ഥാപനങ്ങൾക്ക് പുനരുജ്ജീവന പാക്കേജുകൾ നൽകാൻ കഴിയുമെങ്കിൽ കേരളം ഒരു വ്യവസായ വിപ്ലവത്തിന്റെ വാതിൽക്കൽ നിൽക്കുകയാണ്. ഇത് പുതുതായി തുടങ്ങിയവർക്കും കൂടി ഉത്തേജനമാവും

സമൂഹം, സർക്കാർ, വ്യവസായികൾ മൂന്ന് ശക്തികളും ഒരുമിച്ചുനിൽക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക ഭാവി ഉറപ്പാണ്.

**അബ്ദുൽ കരീം**

**പ്രസിഡന്റ്, KSSIA മലപ്പുറം**

**ജില്ലകളുടെ അടിയന്തിര ശ്രദ്ധയ്ക്ക്**

**നിലവിലുള്ള അംഗങ്ങളുടേയും പുതിയ അംഗങ്ങളുടേയും വാർഷിക വരിസംഖ്യയും വിവരങ്ങളുംമേയ് മാസം പതിനഞ്ചാം തീയതിയ്ക്ക് മുൻപ് സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്.**

# റാംപ് (RAMP) പദ്ധതിയുടെ ഭാഗമായി 2025-26 കാലയളവിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ

ആമുഖം

കേന്ദ്ര സർക്കാർ വേൾഡ് ബാങ്ക് പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം. എസ്. എം. ഇ. പെർഫോർമൻസ് (RAMP). 2022 ജൂൺ 30 ന് പദ്ധതിയുടെ ദേശീയതല ഉദ്ഘാടനം നടക്കുകയുണ്ടായി. അഞ്ചുവർഷ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര എം. എസ്. എം. ഇ. മന്ത്രാലയത്തിന്റെ (MoMSME) ആഭിമുഖ്യത്തിലാണ്.

റാംപ് പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ:

1. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിപണി പ്രവേശനം മെച്ചപ്പെടുത്തുകയും അവരുടെ ഉത്പന്നങ്ങൾക്ക് വിപണിവർദ്ധിപ്പിക്കുകയും ചെയ്യുക.

2. എം. എസ്. എം .ഇ കൾക്കായ് വായ്പാ ലഭ്യത ഉറപ്പുവരുത്തുക.

3. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും സഹകരണവും പങ്കാളിത്തവും മെച്ചപ്പെടുത്തുക.

4. നിലവിലുള്ള ദേശിയ, സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന എം. എസ്. എം. ഇ പദ്ധതികളുടെ ഇംപാക്ട് വർദ്ധിപ്പിക്കുക.

5. കാലതാമസം നേരിടുന്ന പേയ്മെന്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുക.

6. MSMEകൾക്കിടയിൽ നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക

7. എം. എസ്. എം. ഇ കൾ തമ്മിലുള്ള ആശയവിനിമയം വർദ്ധിപ്പിക്കുക.

8. നിലവിൽ എം. എസ്. എം. ഇ കൾ പിന്തുടരുന്ന സമ്പ്രദായങ്ങളും പ്രക്രിയകളും മെച്ചപ്പെടുത്തുക

9. സംരംഭങ്ങൾക്കിടയിൽ ഹരിതവത്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സര ക്ഷമതയും കാര്യശേഷിയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. റാംപ് പദ്ധതിയിലൂടെ ദേശീയ തലത്തിൽ ആകെ 5.55 ലക്ഷം എം. എസ്. എം. ഇകളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ദേശിയ തലത്തിൽ പദ്ധതിയുടെ മൊത്തം ചെലവ് 6,062.45 കോടിരൂപയാണ്. ഇതിൽ 3,750 കോടിരൂപ വേൾഡ് ബാങ്കിൽ നിന്ന് വായ്പയായി ലഭിക്കും, ബാക്കി 2,312.45 കോടി രൂപ കേന്ദ്രസർക്കാർ നൽകും.

## വ്യവസായവകുപ്പ് സ്വീകരിച്ച നടപടികൾ

2023 മെയ് മാസത്തിൽ റാംപ് സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) രൂപീകരിക്കുന്നതിനായി സംസ്ഥാന വ്യവസായ വകുപ്പ് കൺസൾട്ടന്റിനെ നിയമിക്കുകയും 2023 ഒക്ടോബർ മാസം SIP കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. ജനുവരി 2024ൽ വ്യവസായ വകുപ്പ് സമർപ്പിച്ച SIP കേന്ദ്ര അംഗീകാരം ലഭിക്കുകയും, തിരഞ്ഞെടുക്കപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാകുന്നതിനായിട്ട് 107.71കോടി രൂപയുടെ ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. 2024 സെപ്റ്റംബറിൽ പദ്ധതി നടത്തിപ്പിനായി സംസ്ഥാന വിഹിതമായി 37.07 കോടി രൂപയുടെ ധനസഹായത്തിനു കേരള സർക്കാർ അംഗീകാരം നല്കി. സെപ്റ്റംബർ 04 ന്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്റ്ററേറ്റിന്റെ ആഭിമുഖ്യത്തിൽ റാംപ് റോൾഔട്ട് ശില്പശാല സംഘടിപ്പിക്കുകയും, വകുപ്പ് തല ഉദ്യോഗസ്ഥർക്ക് ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന പരിപാടികളുടെ വിശദമായ വിവരങ്ങൾ നൽകുകയും ചെയ്തു. ബഹുമാനപെട്ട വ്യവസായ വകുപ്പ്മന്ത്രി അധ്യക്ഷത വഹിച്ച യോഗത്തിൽ, കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു. തുടർന്ന്, ഒക്ടോബർ 2024ൽ SIP നടപ്പിലാക്കുന്നതിനും, അതിന്റെ മോണിറ്ററിങ് ആൻഡ് റിവ്യൂവിനും വേണ്ടി സ്റ്റേറ്റ് പ്രോഗ്രാം ഇംപ്ലിമെന്റഷൻ യൂണിറ്റിനെ (SPIU) നിയമിക്കുകയും ചെയ്തു. റാംപ് SIP സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി, HcpDetailed Implementation Plan (DIP) തയ്യാറാക്കുകയും, അത് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന റാംപ് പ്രോഗ്രാം കമ്മിറ്റി (SRPC) ഡിസംബർ 2024ൽ അംഗീകരിക്കുകയും ചെയ്തു.

ഇതിനുപുറമെ, കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം, State SIP-IP Monitoring രൂപീകരിക്കുകയും, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ, ടീമിന്റെ പ്രധാന കോ-ഓർഡിനേറ്റിംഗ് ഓഫീസർ ആയി നിയമിക്കുകയും ചെയ്തു.

ജനുവരി 2025 മുതൽ പദ്ധതിയുടെ ഭാഗമായുള്ള പരിപാടികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി തുടങ്ങി. അവയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

## റാംപ് പദ്ധതിയുടെ ഭാഗമായി SIP യിൽ അംഗീകരിച്ച ഘടകങ്ങൾ ഇവയാണ്:

| Sl.No. | Interventions | Approved Amount (Rs. Crs) |
|---|---|---|
| K1 | Enhancing Firm capabilities (Mission 1000) | 10.40 |
| K2 | Enhancing Firm capabilities (Make in Kerala) | 31.31 |
| K3 | Enhancing Firm capabilities (Competitiveness Support) | 1.12 |
| K4 | Improving Digital Infrastructure | 17.34 |
| K5 | Improving Access to Finance | 2.04 |
| K6 | Improving Access to Market | 8.00 |
| K7 | Institutional Srengthening | 2.88 |
| K8 | Sectoral Interventions | 29.49 |
| | Total | 02.58 |
| **Information, Education, Communication (IEC) @ 5%** | **5.13** | |
| | Grand Total | 107.71 |

മേൽ പറഞ്ഞ ഘടകങ്ങൾക്ക് കീഴിൽ കേന്ദ്ര MSME മന്ത്രാലയം സംസ്ഥാന തലത്തിൽ നടപ്പിലാക്കുവാൻ വേണ്ടി അംഗീകരിച്ച വിവിധ പദ്ധതികൾ ഇവയാണ്:

1. മിഷൻ 1000 യൂണിറ്റുകൾക്കുള്ള DPR സഹായം
2. എം. എസ്. എം. ഇ. കൾക്ക് ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാർ വഴി ഹാൻഡ് ഹോൾഡിങ്
3. ഇറക്കുമതി ബദൽ പഠനവും സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കലും
4. MSME ക്ലിനിക്കുകൾ, ടെക്നോളജിക്ലിനിക്കുകൾ

5. എം. എസ്. എം. ഇ. കൾക്ക് സാങ്കേതിക സഹായവും സേവനങ്ങളും നൽകുന്നതിനായി ദേശീയ തലത്തിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളെ ടെക്നോളജി സപ്പോർട്ട് പ്രൊവൈഡർമാരായി നിയമിക്കും.

6. സ്ത്രീകൾക്കും യുവാക്കൾക്കും ടെക്നോളജി അധിഷ്ഠിത മാനുഫാക്ചറിംഗ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രത്യേക ബോധവത്കരണ പരിപാടികൾ.

7. എനർജി ഓഡിറ്റുകൾ

8. MSME അവാർഡുകൾ

9. ഐ. ടി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ

10. ബാങ്കേഴ്സ്മീറ്റ് (ലോൺ മേളകൾ)

11. കേരള ബ്രാൻഡ് മാർക്കറ്റിംഗ് & പ്രമോഷൻ

12. വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ

13. ഇ.ഡി.ഇ. മാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമായുള്ള ശേഷി വികസന പരിപാടികൾ

14. മേഖലാ അധിഷ്ഠിത സർവ്വേകളും പഠനങ്ങളും

15. മേഖല നിർദ്ദിഷ്ട പരിശീലനങ്ങൾ, സെമിനാറുകൾ, കോൺക്ലേവുകൾ

16. കയറ്റുമതി നടപടി ക്രമങ്ങളെക്കുറിച്ചുള്ള ശില്പശാലകൾമേൽപറഞ്ഞ പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ 2025 ജനുവരി മാസം മുതൽ ആരംഭിച്ചു. പദ്ധതികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു:

1. മിഷൻ 1000 യൂണിറ്റുകൾക്കുള്ള DPR സഹായം : റാംപ് പദ്ധതിയുടെ ഭാഗമായി 'മിഷൻ 1000' സ്കീമിന് കീഴിൽ തിരഞ്ഞെടുക്കുന്ന 1000 MSMEകൾക്ക് ഉജ്ജ്വല അസിസ്റ്റൻസ് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി 70 MSME കൾക്ക് DPR അസിസ്റ്റൻസ് നൽകുന്നതിനായി മൊത്തം 60 ലക്ഷം രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവരെ 444 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

2. എം. എസ്. എം. ഇ. കൾക്ക് ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാർ (BDSP)വഴി ഹാൻഡ് ഹോൾഡിങ് : സംസ്ഥാന വ്യാപകമായി 475 BDSP മാരെ വിവിധ ലോക്കൽ ബോഡികളിൽ നിയമിച്ചു, ഇവർ വ്യവസായ വകുപ്പ് ലോക്കൽ ബോഡികളിൽ സ്ഥാപിച്ച MSME ഹെൽപ് ഡെസ്കുകൾ നിയന്ത്രിക്കുകയും, സംസ്ഥാനത്തെ സംരംഭങ്ങൾക്കു ഹാൻഡ് ഹോൾഡിങ് സേവനങ്ങൾ നൽകുകയും ചെയ്തു വരുന്നു.

3. ഇമ്പോർട്ട് സബ്സ്റ്റിറ്റ്യൂഷൻ സ്റ്റഡിയും സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കലും : ഇമ്പോർട്ട് സബ്സ്റ്റിട്യൂഷൻ സ്റ്റഡിയും സ്ട്രാറ്റജിക്പ്ലാൻ തയ്യാറാക്കലും ലക്ഷ്യമാക്കി ടെൻഡർ പ്രക്രിയയിലൂടെ ക്രിസിൽ ഇൻറ്റലിജൻസ് ലിമിറ്റഡ് എന്ന ഏജൻസിയെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി തിരഞ്ഞെടുത്തു. പഠനത്തിന്റെ ഭാഗമായി ഇൻസെപ്ഷൻ റിപ്പോർട്ട് ഇംപ്ലിമെന്റിംഗ് ഏജൻസി സമർപ്പിക്കുകയും ചെയ്തു. 2026 ജനുവരിയോടെ പഠനം പൂർത്തീകരിച്ച് സ്ട്രാറ്റജിക് പ്ലാൻ സമർപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നു.

4. MSME ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ: ജനുവരി 2025 മുതൽ ഒക്ടോബർ 2025 വരെയുള്ളമാസങ്ങളിൽ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ടെക്നോളജി ക്ലിനിക്, എം. എസ്. എം. ഇ ക്ലിനിക് പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചു. RAMP പദ്ധതി പ്രകാരം അംഗീകരിച്ച തുക ഓരോ പരിപാടിയും സംഘടിപ്പിക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ചു. ജില്ലാ തലത്തിൽ സംഘടിപ്പിച്ച ടെക്നോളജി ക്ലിനിക്കിന്റെ ഭാഗമായി 1039 MSME കളും, താലൂക്ക് തലത്തിൽ നടത്തിയ എം. എസ്. എം. ഇ. ക്ലിനിക്കിന്റെ ഭാഗമായി 2672 MSME കളും പങ്കെടുത്തു.



5. എം. എസ്. എം. ഇ. കൾക്ക് സാങ്കേതിക സഹായവും സേവനങ്ങളും നൽകുന്നതിനായി ദേശീയ തലത്തിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളെ ടെക്നോളജി സപ്പോർട്ട് പ്രൊവൈഡർമാരായി നിയമിക്കും. ടെക്നോളജി സപ്പോർട്ട് പ്രൊവൈഡർമാരെ (TSP) കളെ തിരഞ്ഞെടുക്കുന്നതിനായി KIED-നെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിച്ചു. നിലവിൽ, മൂന്ന് TSP-കളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ KIED വഴി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

6. സ്ത്രീകൾക്കും യുവാക്കൾക്കും ടെക്നോളജി അധിഷ്ഠിത മാനുഫാക്ച്ചറിംഗ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രത്യേക ബോധവത്കരണ പരിപാടികൾ. 2025 ഒക്ടോബർ 13ന് തൃശ്ശൂരിൽ സംസ്ഥാന തലത്തിൽ 1200ൽ അധികം വനിതാ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് വുമൺ എന്റർപ്രെണേഴ്സ് കോൺക്ലേവ് സംഘടിപ്പിച്ചു. തുടർന്ന്, സംസ്ഥാന തലത്തിൽ 1500 യുവാക്കളെ പങ്കെടുപ്പിച്ച് കൊണ്ടുള്ള യൂത്ത് എന്റർപ്രെണേഴ്സ് കോൺക്ലേവ് സംഘടിപ്പിക്കുന്നതിന്റെ നടപടികളും നടന്നു കൊണ്ടിരിക്കുന്നു.

7. എനർജി ഓഡിറ്റുകൾ : സംസ്ഥാന വ്യാപകമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 360-ൽ അധികം സംരംഭങ്ങളിൽ എനർജി ഓഡിറ്റ് വില്ലിങ്നെസ് സർവ്വേ നടത്തുകയും, അവയുടെ ഊർജ്ജ ഉപഭോഗത്തെ അടിസ്ഥാനമാക്കി 300 MSME-കളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എനർജി ഓഡിറ്റുകൾ നടത്തുന്നതിനായി Energy Management Cetnre (EMC)നെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയോഗിക്കുകയും ചെയ്തു. നവംബർ മാസം മുതൽ എനർജി ഓഡിറ്റുകൾ തുടങ്ങുകയും, 6 മാസംകൊണ്ട് 300 MSME-കളിലെയും ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്യും.

8. MSME അവാർഡുകൾ: ഗ്രീനിംഗ് വിഭാഗം പുരസ്കാരങ്ങൾ ഉൾപ്പെടുത്തി MSME അവാർഡ് ഫ്രെയിം വർക്ക് രൂപപ്പെടുത്തിയിട്ടുണ്ട്. അവാർഡ് അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

9. ഐ. ടി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ: വ്യവസായ വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായതും ആക്കുന്നതിനായി, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി, ഡയറക്ടറേറ്റിലും, ജില്ലാ വ്യവസായകേന്ദ്രങ്ങളിലും, താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും പുതിയ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആസൂത്രണം നടന്നുവരുന്നു. ഇതോടൊപ്പം, വ്യവസായ വകുപ്പിന്റെ പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള ഏജൻസിയെ നിയമിക്കുന്നതിനായി ടെൻഡർ നടപടികളും നടന്നുകൊണ്ടിരിക്കുന്നു.

10. ബാങ്കേഴ്സ്മീറ്റ് (ലോൺമേളകൾ) : താലൂക്ക് തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചു വരുന്ന ബാങ്കേഴ്സ് മീറ്റിൽ ഇതുവരെ 4786 യൂണിറ്റുകൾക്ക് പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഈ പരിപാടി സംരംഭകരെ ബാങ്ക് പ്രതിനിധികളുമായി നേരിട്ട് ബന്ധിപ്പിച്ച് ധനസഹായം, സാമ്പത്തിക പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

11. കേരള ബ്രാൻഡ് മാർക്കറ്റിംഗ് & പ്രമോഷൻ: കേരള ബ്രാൻഡ് പദ്ധതിയുടെ അടുത്ത ഘട്ടമായി 10 പുതിയ ഉത്പന്നങ്ങളെ തിരഞ്ഞെടുക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ഉത്പന്നങ്ങളുടെ സെലക്ഷൻ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി 2025 ജൂലൈ 19ന് കൊച്ചിയിൽ സ്റ്റേക്ക് ഹോൾഡേഴ്സ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. കോഫി, ടി, നെയ്യ്, തേൻ, പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, പ്ലൈവുഡ്, പിവിസി പൈപ്പ്, സർജിക്കൽ റബ്ബർഗ്ലൗസ്, ഫുട്വെയർ, കോമ്പൗണ്ടഡ് കാറ്റിൽഫീഡ് മുതലായ ഉത്പന്നങ്ങളാണ് പുതുതായി കേരള ബ്രാൻഡിന് കീഴിൽ കൊണ്ടുവരുന്നത്. കൂടാതെ, കേരള ബ്രാൻഡിന്റെ മാർക്കറ്റിംഗ് & പ്രമോഷൻ ആവശ്യങ്ങൾക്കായി കൺസെപ്റ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് എന്ന കമ്പനിയെ ടെൻഡർ വഴി ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിച്ചിട്ടുമുണ്ട്.





12. വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ: പരിശീലന പരിപാടികൾ നടത്തുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രൈസസ് ഡെവലപ്മെന്റ് (KIED) നെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിച്ചു. പരിശീലനങ്ങൾ 2025-2026 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

13. ഇ.ഡി.ഇ.മാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമായുള്ള ശേഷിവികസന പരിപാടികൾ:ഇ.ഡി.ഇ.മാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമായുള്ള ശേഷി വികസന പരിപാടികൾ നടത്തുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രൈസസ് ഡെവലപ്മെന്റ് (KIED) നെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിച്ചു. 475 BDSP-മാർക്കുള്ള പരിശീലനങ്ങൾ പൂർത്തീകരിച്ചു. മറ്റുപരിശീലനങ്ങൾ 2025-2026 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

14. മേഖലാ അധിഷ്ഠിത സർവേകളും പഠനങ്ങളും: റാംപ് പദ്ധതിയുടെ ഭാഗമായി KSIDC വഴി മേഖല അധിഷ്ഠിത പഠനങ്ങളും, സെമിനാറുകളും, കോൺക്ലേവുകളും നടത്തുകയുണ്ടായി. സംസ്ഥാന വ്യവസായ നയത്തിൽ പരാമർശിക്കുന്ന 10ഓളം മുൻഗണന മേഖലകളെകുറിച്ചുള്ള പഠനം Centre for Management Development (CMD) വഴിയാണ് നടത്തിയത്. ഇതിനായി റാംപ് പദ്ധതിയിൽ നിന്നും 70.80 ലക്ഷം രൂപ നൽകുകയും ചെയ്തു.

15. മേഖലനിർദ്ദിഷ്ടപരിശീലനങ്ങൾ, സെമിനാറുകൾ, കോൺക്ലേവുകൾ : വിവിധ മേഖലകളുമായി ബന്ധപ്പെട്ട് 20ൽ പരം സെമിനാറുകളും കോൺക്ലേവുകളും KSIDC സംഘടിപ്പിച്ചു. 5.27 കോടി രൂപ ചെലവിൽ നടത്തിയ ഈ പരിപാടികൾക്കായി റാംപ് പദ്ധതിയിൽ 1.82 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ, 80 ലക്ഷം രൂപ 2025 മാർച്ച് മാസത്തിൽ KSIDC ക്ക് നൽകുകയും ചെയ്തു.

16. കയറ്റുമതി നടപടി ക്രമങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ : റാംപ് പദ്ധതിയുടെ ഭാഗമായി താലൂക്ക് തലത്തിൽ കയറ്റുമതി ശില്പശാലകൾ സംഘടിപ്പിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നടത്തിയ 10 ശില്പശാലകളിൽ 984 MSME-കൾ പങ്കെടുത്തിട്ടുണ്ട്. IEC- പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് പ്രധാന പരിപാടികൾ സംഘടിപ്പിച്ചു: സെപ്റ്റംബർ 2024 ൽ RAMP Roll Out Workshop, ജനുവരി 2025ൽ Mission 1000 Conclave. ജനുവരി 09 മിഷൻ 1000 സ്കീമിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 260 MSME-കളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള'മിഷൻ 1000 കോൺക്ലേവ്'എറണാകുളത്ത് വച്ച് നടത്തുകയുണ്ടായി. റാംപ് പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിച്ച ഈ യോഗത്തിൽ സംരംഭകർക്ക് ഉപയോഗപ്രദമാകുന്ന നൂതന സാങ്കേതിക വിദ്യകളെയും, വായ്പ സ്കീമുകളെയും, സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ സംരംഭക സഹായ സ്കീമുകളെയും കുറിച്ചുള്ള സെഷനുകൾ ഉണ്ടായിരുന്നു. തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ടെൻഡർ പ്രക്രിയയിലൂടെ കൺസെപ്റ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് എന്ന കമ്പനിയെ ഇംപ്ലിമെന്റിങ് ഏജൻസിയായി തിരഞ്ഞെടുത്തു. നിലവിൽ, RAMP പ്രവർത്തങ്ങൾക്കാവശ്യമായ പ്രിന്റ് മീഡിയയും സോഷ്യൽ മീഡിയയും ഉപയോഗിച്ച് കൊണ്ടുള്ള IEC പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഞഅങജ പദ്ധതി കേരളത്തിലെ MSMEകൾക്ക് മികച്ച വളർച്ച പ്രാപിക്കുവാനും, വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കുവാനും സഹായകരമാകും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മികച്ച സംയോജനം ഉറപ്പുവരുത്തികൊണ്ട് കേരളത്തിലെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, നിലവിലെ എം.എസ്.എം.ഇ എക്കോസിസ്റ്റം സുസ്ഥിരപ്പെടുത്തുന്നതിനും വേണ്ടി RAMPപദ്ധതിയിലൂടെ വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യമിടുന്നു.

ASTER DM HEALTHCARE SINCE 1987

# THE ONLY CHOICE FOR WORLD-CLASS TREATMENT ON THIS SIDE OF THE EARTH




Aster Medcity, set in a soothingly beautiful 40-acre waterfront campus, is an 800-bed quaternary care facility located in Kochi, Kerala. Fulfilling the vision and dream of Dr. Azad Moopen, our beloved chairman, the center has been delivering quality healthcare at affordable cost through its Centres of Excellence and multi-speciality hospital since 2013. Ours is the first JCI accredited quaternary care hospital in the state and combines the best of talent and technology to provide holistic treatment with a multidisciplinary approach.

Organization Accredited by Joint Commission International | Mark of Excellence NABH | NABH Nursing Excellence | MC-2329 | NABH

**8111998098, 0484 6699999**

**Aster Emergency 155218** | astermedcity.in | astermedcity@asterhospital.in

**Aster Medcity**

We'll Treat You Well

KOCHI, KERALA

# രാജ്യത്തെ ആദ്യ ഗ്രാഫീൻ നയം വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് കേരളം ചുവടുവെക്കുന്നു

ഭാവിയിലെ വ്യവസായ വിപ്ലവത്തിന്റെ ചാലകശക്തിയെന്ന് ശാസ്ത്രലോകം വിശേഷിപ്പിക്കുന്ന ഗ്രാഫീൻ സാങ്കേതികവിദ്യയിൽ ആഗോള ശ്രദ്ധാകേന്ദ്രമായി മാറാൻ കേരളം സജ്ജമാവുകയാണ്. കേവലം ഒരു ആറ്റം മാത്രം കനമുള്ളതും എന്നാൽ പ്രകൃതിയിലെ ഏറ്റവും കരുത്തുറ്റതുമായ ഈ പദാർത്ഥം വരും ദശകങ്ങളിൽ ആഗോള സമ്പദ്‌വ്യവസ്ഥയുടെ ഗതിമാറ്റുമെന്ന് കരുതപ്പെടുന്നു. ഈ വിപ്ലവം മുൻകൂട്ടി കണ്ടുകൊണ്ട് ഇന്ത്യയിലാദ്യമായി ഗ്രാഫീൻ നയം! പ്രഖ്യാപിച്ചതിലൂടെ വിജ്ഞാന സമ്പദ്‌വ്യസ്ഥയിലേക്കുള്ള കേരളത്തിന്റെ പ്രയാണം ഒരു പുതിയ തലത്തിലേക്ക് ഉയർന്നിരിക്കുന്നു. ഗ്രാഫൈറ്റിൽ നിന്ന് വേർതിരിച്ചെടുക്കുന്ന ഗ്രാഫീൻ, ഉരുക്കിനേക്കാൾ 200 മടങ്ങ് കരുത്തുള്ളതും അതേസമയം അസാധാരണമാംവിധം ഭാരം കുറഞ്ഞതുമാണ്. താപവും വൈദ്യുതിയും സിലിക്കണിനേക്കാൾ എത്രയോ മടങ്ങ് വർദ്ധിച്ചതാണ്. സെമികണ്ടക്ടറുകൾ, സ്മാർട്ട് ഫോൺ സ്ക്രീനുകൾ, ഭാരം കുറഞ്ഞ വിമാന ഭാഗങ്ങൾ, പ്രതിരോധ സാമഗ്രികൾ എന്നിങ്ങനെ ഗ്രാഫീൻ സാങ്കേതികവിദ്യയുടെ സ്പർശമേൽക്കാത്ത മേഖലകൾ വരുംകാലത്ത് വിരളമായിരിക്കും. അറിവുകളെ ഗവേഷണത്തിലൂടെ ഉൽപ്പാദനക്ഷമമാക്കുക എന്നതാണ് പ്രഖ്യാപിത കടത്തിവിടാനുള്ള ഇതിന്റെ ശേഷി നയത്തിന്റെ കാതൽ. കേരളത്തിന്റെ ഗ്രാഫീൻ നയം ഗവേഷണശാലകളെയും നിർമ്മാണശാലകളെയും ഒരൊറ്റ ശൃംഖലയിൽ സംസ്ഥാനത്ത് കോർത്തിണക്കുന്നു. സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രത്യേക ഗ്രാഫീൻ ഇൻഡസ്ട്രിയൽ പാർക്ക് ഏഷ്യയിലെ തന്നെ പ്രമുഖ ഹൈ-ടെക് നിർമ്മാണ കേന്ദ്രമായി വികസിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന് അനുബന്ധമായി ഏകദേശം 200 കോടി രൂപയുടെ നിക്ഷേപത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഡിജിറ്റൽ ഇന്നവേഷൻ സെന്റർ, സംരംഭകർക്കും ഗവേഷകർക്കും ലോകോത്തര സൗകര്യങ്ങൾ ഒരേ കുടക്കീഴിൽ ലഭ്യമാക്കാൻ സഹായിക്കും.

കൊച്ചിയിലെ കളമശ്ശേരിയിൽ സജ്ജമാകുന്ന 'ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ' (ഐഐസിജി) ഈ സാങ്കേതിക മുന്നേറ്റത്തിന്റെ സിരാകേന്ദ്രമായി മാറും. ലബോറട്ടറികളിൽ നടക്കുന്ന സങ്കീർണ്ണമായ ഗവേഷണങ്ങളെ പ്രായോഗിക വ്യാവസായിക ഉൽപ്പന്നങ്ങളാക്കി പരിവർത്തിപ്പിക്കുക എന്നതാണ് ഇതിന്റെ ദൗത്യം. ഓക്സ്ഫോർഡ് ലോകപ്രശസ്തമായ മാഞ്ചസ്റ്റർ, സർവകലാശാലകളുമായുള്ള സഹകരണം കേരളത്തിലെ ഗവേഷകർക്ക് അന്താരാഷ്ട്ര വഴിയൊരുക്കുമെന്നത് കാണാവുന്നതാണ്. നിലവാരത്തിലുള്ള ആർജ്ജിക്കാൻ നയത്തിന്റെ വലിയ വിജയമായി ടാറ്റ പോലുള്ള വൻകിട വ്യവസായ പങ്കാളികളുടെ സാന്നിധ്യം ഈ പദ്ധതിയുടെ വ്യാവസായിക സാധ്യതകൾക്ക് കരുത്തുപകരുന്നു. സർക്കാർ ഗവേഷണ കേന്ദ്രങ്ങളും സ്വകാര്യ വ്യവസായ



ഭീമന്മാരും കൈകോർക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ വാണിജ്യവൽക്കരണം കൂടുതൽ സുഗമമാകും. ഇത് കേരളത്തെ കേവലം ഒരു ഗവേഷണ കേന്ദ്രം എന്നതിലുപരി, ഗ്രാഫീൻ അധിഷ്ഠിത ഉൽപ്പന്നങ്ങൾ ആഗോള വിപണിക്ക് കൈമാറുന്ന ഒരു നിർമ്മാണ കേന്ദ്രമായി പരിവർത്തിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളായ റബ്ബർ, കയർ മേഖലകളിൽ ഗ്രാഫീൻ സാങ്കേതികവിദ്യ പ്രയോഗിക്കുന്നത് വലിയ മാറ്റങ്ങൾക്ക് വഴിതുറക്കും. റബ്ബറിൽ ഗ്രാഫീൻ അംശങ്ങൾ ചേർക്കുന്നത് അവയുടെ കരുത്തും താപപ്രതിരോധ ശേഷിയും വർദ്ധിപ്പിക്കുമ്പോൾ, കയർ ഉൽപ്പന്നങ്ങൾക്ക് ജലപ്രതിരോധ ശേഷി നൽകാൻ ഗ്രാഫീൻ ആവരണം സഹായിക്കും. ഇതുവഴി കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണിയിൽ ഉയർന്ന മൂല്യം ലഭ്യമാക്കാനും അനുബന്ധ തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്താനും സാധിക്കും.

നിക്ഷേപകർക്ക് ഭൂമി പാട്ടത്തിനെടുക്കുമ്പോൾ നൽകുന്ന സബ്സിഡി കേരളത്തെ ഒരു മികച്ച നിക്ഷേപക സൗഹൃദ കേന്ദ്രമായി അടയാളപ്പെടുത്തുന്നു. പ്ലാന്റും മെഷിനറികളും സ്ഥാപിക്കാൻ നൽകുന്ന മൂലധന സഹായം പുതിയ സ്റ്റാർട്ടപ്പുകൾക്ക് വലിയൊരു കൈത്താങ്ങായി മാറും. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിലെ ഇളവുകൾക്കൊപ്പം ഏകജാലക

സംവിധാനത്തിലൂടെയുള്ള അനുമതികളും നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നു.

സയൻസ് ആൻഡ് ടെക്നോളജി മേഖലയിലെ ആഗോള ഹബ്ബായി കേരളത്തെ മാറ്റുക എന്നതാണ് ഈ ദീർഘകാല പദ്ധതി വിഭാവനം ചെയ്യുന്നത്. അടുത്ത പത്തുവർഷത്തിനുള്ളിൽ പതിനായിരക്കണക്കിന് ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുമെന്ന് കരുതപ്പെടുന്നു. ഇത് കേരളത്തിലെ മിടുക്കരായ യുവതലമുറയ്ക്ക് സ്വന്തം നാട്ടിൽ തന്നെ തൊഴിൽ ഉറപ്പാക്കാനും വലിയ തോതിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് വേഗം കൂട്ടാനും സഹായിക്കും.

ഐടി വിപത്തിന് ശേഷം കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പോകുന്ന കരുത്തുറ്റ ശക്തിയായി ഗ്രാഫീൻ മാറുമെന്നതിൽ സംശയമില്ല. ശാസ്ത്രത്തെയും വ്യവസായത്തെയും കൃത്യമായി സമന്വയിപ്പിക്കുന്നതിലൂടെ പുതിയൊരു വികസന മാതൃകയാണ് സംസ്ഥാനം ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നത്. അറിവിനെ ഉൽപ്പാദനക്ഷമമായ മൂലധനമാക്കി മാറ്റുന്ന 'നോളജ് ഇക്കോണമി എന്ന ലക്ഷ്യത്തിലേക്കുള്ള കേരളത്തിന്റെ ഏറ്റവും ദൂരക്കാഴ്ചയുള്ള ചുവടുവെപ്പായി ഈ ഗ്രാഫീൻ നയത്തെ വിലയിരുത്താവുന്നതാണ്. ചുരുക്കത്തിൽ, ഗ്രാഫീൻ നയം കേവലം ഒരു ഔദ്യോഗിക രേഖ എന്നതിലുപരി കേരളത്തിന്റെ ഭാവിയിലെ വ്യാവസായിക മുന്നേറ്റത്തിനുള്ള വാഗ്ദാനമാണ്. അത്യാധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആഗോള വിപണിയിൽ മത്സരിക്കാൻ കേരളത്തെ പ്രാപ്തമാക്കുന്ന ഈ നീക്കം വരുംതലമുറയ്ക്ക് ഗുണപരമായ മാറ്റങ്ങൾ സമ്മാനിക്കും.

ശാസ്ത്രീയ ചിന്താഗതിയും നൂതന സാങ്കേതികവിദ്യയും കൈകോർക്കുന്ന ഒരു നവകേരള നിർമ്മിതിയാണ് ഇത്തരം നയങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. ഈ വിപ്ലവത്തിൽ കേരളം ലോകത്തിന് മാതൃകയാകുന്നത് ഏറെ അഭിമാനകരമാണ്. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനായി രാജ്യാന്തര തലത്തിൽ റോഡ് ഷോകളും സെമിനാറുകളും സംഘടിപ്പിക്കാൻ സർക്കാർ തയ്യാറെടുക്കുകയാണ്. പുതിയ ഗ്രാഫീൻ നയം വിജയകരമായി നടപ്പിലാക്കുന്നതോടെ ഗ്രാഫീൻ ഗവേഷണത്തിലും ഉൽപ്പാദനത്തിലും ലോകശക്തികളായ രാജ്യങ്ങൾക്ക തുല്യമായി നിൽക്കാൻ കേരളത്തെ സഹായിക്കുകയും ആധുനിക യുഗത്തിൽ സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ സാങ്കേതിക മുന്നേറ്റമായി രേഖപ്പെടുത്തുകയും ചെയ്യും.

**KSIDC**






വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ. എ. എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ നിയമ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് വ്യവസായ കേരളം ഓൺലൈൻ നൂറാം പതിപ്പ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ **KSSIA** സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസ്സാറുദ്ദീൻ അവർകളും മറ്റ് പ്രമുഖരും പങ്കെടുത്തു.



ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ ലയൺസ് ക്ലബ്ബിൽ കൂടിയ നിക്ഷേപക സംഗമത്തിൽ കെ. എസ്. എസ്. ഐ. എ. സംസ്ഥാന പ്രസിഡണ്ട് ശ്രീ. എ നിസ്സാറുദ്ധീൻ, സംസ്ഥാന ട്രഷറർ ശ്രീ. ബി. ജയകൃഷ്ണൻ, ഇടുക്കി ജില്ലാ പ്രസിഡണ്ട് ശ്രീ. സുനിൽ വഴുതലക്കാട്, ഇടുക്കി ജിഎം, മറ്റ് പ്രമുഖ നേതാക്കളും പങ്കെടുത്തു







കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ് ജില്ലകളുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് മേഖലയിലെ മിനിമം വേതനം തെളിവെടുപ്പ് യോഗം വയനാട് ജില്ല കളക്ടറേറ്റിലെ പഴശ്ശിരാജ ഹാളിൽ വെച്ച് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിങ്ങിൽ സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസാറുദ്ദീൻ അധ്യക്ഷത വഹിക്കുകയും, UTUC യുടെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും, RST സംസ്ഥാന കമ്മിറ്റി മെമ്പറുമായ തോമസ് ജോസഫ് മിനിമം അഡ്വൈസറി ബോർഡ് സെക്രട്ടറി യോഗത്തിൽ വയനാട് DLO, വയനാട് ഡി എഫ് ഒ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, TRADE യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, വയനാട് ജില്ലാ സെക്രട്ടറി എന്നിവർ പങ്കെടുത്തു.











ആലുവ താജ് വിവാന്താ ഹോട്ടലിൽ വെച്ച് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് കോൺക്ലേവ് ( 06/03/2026)ബഹു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് അവർകൾ ഉദ്ഘാടനം ചെയ്യുകയും, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ് IAS, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. വിഷ്ണു രാജ് IAS തുടങ്ങിയവർ പങ്കെടുക്കുന്ന മീറ്റിങ്ങിൽ സംസ്ഥാന പ്രസിഡണ്ട് ശ്രീ. എ.നിസാറുദ്ദീൻ അവർകൾ ആശംസ അർപ്പിക്കുന്നു.



25th March 2026, Kalamassery
Regn. No. KERBIL/2005/23143 KSSiA NEWS Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.